ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE : 06.10.2023** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

2. കേന്ദ്ര-സംസ്ഥാന ഏജൻസികൾ തമ്മിൽ മികച്ച ഏകോപനം സാധ്യമാകാൻ എൻ ഐ എ-യുടെ പരിധിയിൽ മാതൃകാ തീവ്രവാദ വിരുദ്ധ ഘടന സ്ഥാപിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

3. സഹകരണ മേഖലയിലെ ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്താൻ നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ.

4. സി ഐ ടി യു അഖിലേന്ത്യാ വൈസ് പ്രസിഡന്റും മുതിർന്ന സി പി എം നേതാവുമായ ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം ഇന്ന് വൈകുന്നേരം തിരുവനന്തപുരം ശാന്തികവാടത്തിൽ.

5. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ട് വെങ്കല മെഡൽ. വനിതകളുടെ അമ്പെയ്ത്തിലും ബാഡ്മിന്റൺ പുരുഷ സിംഗിൾസിലുമാണ് മെഡൽ നേട്ടം.

*************************

ഹെഡ് ലൈൻ 1

## റിപ്പോ നിരക്ക്

പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ മോണിറ്ററി പോളിസി കമ്മിറ്റി ഏകകണ്ഠമായി തീരുമാനിച്ചതായി ആർബിഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. തൽഫലമായി, സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനമായും മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി നിരക്കും ബാങ്ക് നിരക്കും 6.75 ശതമാനമായും തുടരും. പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്നതിന് മോണിറ്ററി പോളിസി കമ്മിറ്റി അതീവ ജാഗ്രത പുലർത്തുമെന്നും സമയബന്ധിതമായ നയ നടപടികൾ സ്വീകരിക്കുമെന്നും ആർബിഐ പ്രസ്താവനയിൽ പറയുന്നു.

*************************

ഹെഡ് ലൈൻ -2

## അമിത് ഷാ

കേന്ദ്ര-സംസ്ഥാന ഏജൻസികൾ തമ്മിലുള്ള മികച്ച ഏകോപനത്തിനായി എൻ ഐ എയുടെ പരിധിയിൽ മാതൃകാ തീവ്രവാദ വിരുദ്ധ ഘടന സ്ഥാപിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ. എല്ലാ സംസ്ഥാനങ്ങളിലെയും എല്ലാ തീവ്രവാദ വിരുദ്ധ ഏജൻസികളുടെയും അന്വേഷണത്തിന്റെ ശ്രേണിയും ഘടനയും മാതൃകാ പ്രവർത്തന നടപടിക്രമങ്ങളും ഏകീകൃതമാക്കണമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ അന്വേഷണ ഏജൻസി ഇന്നലെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദ്വിദിന ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ രാജ്യത്തെ എല്ലാത്തരം ഭീകര പ്രവർത്തനങ്ങളെയും ശക്തമായി തടയുന്നതിൽ കേന്ദ്ര-സംസ്ഥാന ഏജൻസികൾ വിജയിച്ചതായും ആഭ്യന്തര മന്ത്രി ചൂണ്ടിക്കാട്ടി.

************************

## തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം. M G N R E G A ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള വേതന തൊഴിൽ പരിപാടി യാണെന്നും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഫണ്ട് അനുവദിക്കുന്നത് തുടർച്ചയായ പ്രക്രിയയാണെന്നും മന്ത്രാലയം വ്യക്തമാക്കി. ജോലിയുടെ ആവശ്യം കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യമാക്കുന്നത്. ജോലിക്കുള്ള ആവശ്യത്തിനനുസരിച്ച് പദ്ധതിക്കായി അധിക ഫണ്ട് തേടുന്നതായും മന്ത്രാലയം അറിയിച്ചു.

************************

ഹെഡ് ലൈൻ -3

## മന്ത്രി വി എൻ വാസവൻ

സഹകരണ മേഖലയിലെ ക്രമക്കേടുകൾ സമയ ബന്ധിതമായി കണ്ടെത്താൻ നിയമ ഭേദഗതി ഉൾപ്പടെ ശക്തമായ നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്ന തെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ പറഞ്ഞു. കോഴിക്കോട് സഹകരണ സംരക്ഷണ സമിതിയുടെ

ആഭിമുഖ്യത്തിൽ ചേർന്ന സഹകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

************************

ഹെഡ് ലൈൻ 4

## ആനത്തലവട്ടം ആനന്ദൻ-സംസ്കാരം

CITU അഖിലേന്ത്യാ വൈസ് പ്രസിഡന്റും സംസ്ഥാന പ്രസിഡന്റും CPIM നേതാവും മുൻ MLA യുമായ ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ നടക്കും. രോഗബാധയെത്തുടർന്ന് ഇന്നലെ വൈകിട്ട് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു 86 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. രാത്രി ചിറയിൻകീഴ് ആനത്തലവട്ടത്തെ കുടുംബ വീടിലെത്തിച്ച മൃതദേഹത്തിൽ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു. AKG സെന്ററിൽ തുടരുന്ന പൊതുദർശനത്തിന് ശേഷം ഉച്ചയ്ക്ക് രണ്ടു മുതൽ CITU സംസ്ഥാന കമ്മിറ്റി ഓഫീസിലും പൊതുദർശനത്തിനു വെയ്ക്കും. മൂന്നു തവണ ആറ്റിങ്ങലിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം 2006 മുതൽ 2011 വരെ നിയമസഭയിൽ ചീഫ് വിപ്പായിരുന്നു.

************************

## 2000 - സമയപരിധി

ബാങ്കുകളിൽ നിന്ന് 2000 രൂപാ നോട്ട് മാറ്റിയെടുക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. അക്കൌണ്ടില്ലാത്ത ബാങ്കുകളിൽ ഉൾപ്പെടെ ഒരേ സമയം പരമാവധി പത്ത് നോട്ടുകൾ മാറ്റാം. നിക്ഷേപത്തിന് പരിധിയില്ല. മറ്റന്നാൾ മുതൽ തിരുവനന്തപുരമടക്കം റിസർവ്വ് ബാങ്കിന്റെ 19

ഇഷ്യൂ ഓഫീസുകളിലൂടെ മാത്രമെ നോട്ട് മാറ്റിയെടുക്കാനാകൂ.

************************

## സ്കിൽ ഷെയർ പദ്ധതി

സമഗ്ര ശിക്ഷാ കേരള നടത്തിയ സ്കിൽ ഷെയർ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ടി.പി. രാമകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന തൊഴിൽ നൈപുണ്യ മികവുകൾ സമൂഹത്തിന് ഗുണകരമായ രീതിയിൽ പ്രയോജനപ്പെടുത്താൻ അവസരമൊരുക്കുക യാണ് സ്കിൽ ഷെയർ പദ്ധതിയുടെ ലക്ഷ്യം.

************************

## സെമിനാർ

**ഉയരാം ഒത്തുചേർന്ന്** എന്ന സന്ദേശവുമായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലാതല നിയമ ബോധവത്കരണ സെമിനാർ ഞായറാഴ്ച രാവിലെ 10 ന് കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഹോം ഇ സർവ്വേയുടെ ജില്ലാതല ഉദ്ഘാടനവും പൂർത്തിയായ പദ്ധതികളുടെ താക്കോൽ കൈമാറ്റവും വിവിധ ആനുകൂല്യങ്ങളുടെ വിതരണവും പ്രതിഭകൾക്ക് ആദരവും ചടങ്ങിൽ നടക്കും.

************************

## കൃഷി മഹോത്സവ്

ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാമിന്റെ ഭാഗമായി കാസർഗോഡ് പരപ്പ ബ്ലോക്കിൽ നടക്കുന്ന സങ്കൽപ് സപ്താഹിന്റെ നാലാം ദിനമായ ഇന്ന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി മഹോത്സവ് ആരംഭിച്ചു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഇ.ചന്ദ്രശേഖരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കൃഷി മഹോത്സവിന്റെ ഭാഗമായി വിവിധ പരിപാടികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്.

*****************************

## വാട്ടർ അതോറിറ്റി

കുടിവെള്ള വിതരണ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മൂന്നു പുതിയ ഡിവിഷനുകൾ കൂടി നിലവിൽ വന്നു. ആലപ്പുഴ സർക്കിളിനു കീഴിൽ പബ്ലിക് ഹെൽത് ഡിവിഷൻ കായംകുളം, കണ്ണൂർ സർക്കിളിനു കീഴിസ് പ്രോജക്ട് ഡിവിഷൻ കാഞ്ഞങ്ങാട്, കോട്ടയം സർക്കിളിനു കീഴിൽ പ്രോജക്ട് ഡിവിഷൻ മീനച്ചൽ-മലങ്കര എന്നിവയാണ് പുതുതായി നിലവിൽ വന്ന ഡിവിഷനുകൾ.

*****************************

## മഴ

സംസ്ഥാനത്ത് ഞായറും തിങ്കളും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ കേന്ദ്രം. ഈ മാസം 12 വരെ സാധാരണയിൽ കുറഞ്ഞ മഴയും 13 മുതൽ 19 വരെ സാധാരണ മഴയും ലഭിക്കാനാണ് സാധ്യത. കേരള, ലക്ഷദ്വീപ്, കർണാടക, തീരങ്ങളിൽ മീൻപിടിത്തത്തിന് തടസമില്ല. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും

രണ്ട് മീറ്റർ വരെ ഉയരത്തിലുള്ള തിരമാലകൾക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

***********************

## പുഞ്ചകൃഷി (ഇൻട്രോ)

മഴയ്ക്ക് ശമനമായെങ്കിലും കുട്ടനാട് ഇപ്പോഴും ജലനിരപ്പ് താഴ്ന്നിട്ടില്ല. അതിനാൽ ഇക്കൊല്ലം പുഞ്ചകൃഷി വൈകാനുള്ള സാധ്യത കർഷകരെ ആശങ്കയിലാക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ പ്രതിനിധി ആർ രവികുമാർ.**

(വോയ്സ്)

***********************

## അഖിൽ സജീവൻ-അറസ്റ്റ്

നിയമന കോഴ കേസിൽ പ്രതിയായ അഖിൽ സജീവിനെ പോലീസ് അറസ്റ്റ് ചെയ്തു. തേനി ബസ് സ്റ്റാൻഡ് പരിസരത്ത് നിന്നാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്. ഡി.വൈ.എസ്.പി, എസ്.നന്ദകുമാറിന്റെ നേതൃത്വത്തിലാണ് പോലീസ് അറസ്റ്റ് ചെയ്ത് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ എത്തിച്ചത്. സ്പൈസസ് ബോർഡിലടക്കം ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ കേസിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

***********************

ഹെഡ് ലൈൻ 5

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിന്റെ 13-ാം ദിനമായ ഇന്ന് ഇന്ത്യയ്ക്ക് രണ്ട് വെങ്കല മെഡൽ. അമ്പെയ്ത്തിൽ വനിതകളുടെ റിക്കർവ് ഇനത്തിൽ ഇന്ത്യ വെങ്കലം സ്വന്തമാക്കി. വിയറ്റ്നാമിനെ പരാജയപ്പെടുത്തി അങ്കിത ഭഗത്, സിമ്രൻജീത് കൗർ, ഭജൻ കൗർ സഖ്യമാണ് വെങ്കലം നേടിയത്.

ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ എച്ച് എസ് പ്രണോയിയും വെങ്കലം നേടി. ക്രിക്കറ്റിൽ ഇന്ത്യൻ ടീം ഫൈനലിലെത്തി. സെമിയിൽ ബംഗ്ലാദേശിനെ തകർത്താണ് ഇന്ത്യയുടെ ഫൈനൽ പ്രവേശം. ബംഗ്ലാദേശ് ഉയർത്തിയ 97 റൺസ് വിജയലക്ഷ്യം 9.2 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ഇന്ത്യ മറികടന്നു. കബഡിയിൽ മെഡലുറപ്പിച്ച് ഇന്ത്യൻ വനിതാ ടീം ഫൈനലിലെത്തി. സെമിയിൽ നേപ്പാളിനെ 61-17 എന്ന സ്കോറിന് മറി കടന്നാണ് ഇന്ത്യൻ സംഘത്തിന്റെ കുതിപ്പ്. പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ഇക്കുറി കലാശപ്പോരിനിറങ്ങുമ്പോൾ സ്വർണവും ഒളിമ്പിക്സ് യോഗ്യതയുമാണ് ഇന്ത്യയുടെ ലക്ഷ്യം.

*************************

## ലോകകപ്പ് ക്രിക്കറ്റ്

ഐസിസി ലോകകപ്പ് ഏകദിന ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ നെതർലൻഡ്സുമായി ഏറ്റുമുട്ടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡ് 9 വിക്കറ്റിന്റെ വിജയം നേടി. സെഞ്ചുറി നേടിയ ഡെവോൺ കോൺവെയും രചിൻ രവീന്ദ്രയുമാണ് കിവീസിന് വമ്പൻ വിജയം സമ്മാനിച്ചത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഉയർത്തിയ, 283 റൺസ് വിജയലക്ഷ്യം വെറും 36.2 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ന്യൂസീലൻഡ് മറികടന്നു.

*************************

## ബോട്ട് മുങ്ങി

മുനമ്പത്തിനടുത്ത് മീൻ പിടിക്കാൻ പോയ മത്സ്യബന്ധന

ബോട്ട് മുങ്ങി നാലുപേരെ കാണാതായി. മൂന്നു പേരെ രക്ഷപ്പെടുത്തി. മാലിപ്പുറത്തുനിന്ന് പോയ ബോട്ടാണ് മുങ്ങിയത്. കോസ്റ്റ് ഗാർഡിന്റെയും ഫിഷറീസ് വകുപ്പിന്റെയും സഹായത്തോടെ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. നാവിക സേന ഹെലികോപ്ടറും തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

*************************

**സമുദ്ര ദൗത്യം**

തിമിംഗലങ്ങൾ കരയ്ക്കടിയുന്നത് കൂടിവരുന്ന പശ്ചാത്തലത്തിൽ, ഇന്ത്യൻ തീരത്തെ കടൽ സസ്തനികളുടെ ശാസ്ത്രീയ വിവരശേഖരണത്തിനുള്ള 100-ദിന സമുദ്രഗവേഷണ ദൗത്യത്തിന് തുടക്കമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും, കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിലുള്ള ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെയും സംയുക്ത ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് സമുദ്ര ദൗത്യം.

***********************************************************************
******

आकाशवाणी